ഉത്തരം

(എ-ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ വണം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന തണ്ണിത്തോട് എസ്റ്റേറ്റിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള ഉദ്ദേശം 2.75 കി.മീ. റോഡ് പൊതുജനങ്ങളും കൂടി ഉപയോഗിച്ചു വരികയാണ്.

(ഇ) ഈ റോഡിന്റെ ഉപരിതലം പുതുക്കൽ ചെയ്യുന്നതിലേക്കായി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി മൂന്ന് മാസത്തിനകം പണികൾ പൂർത്തീകരിക്കുന്നതിനായി 11-1-2011-ൽ കോർപ്പറേഷൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി റോഡിന്റെ കരാറുകാരൻ പണിക്കാവശ്യമായ സാധനങ്ങൾ സംഭരിച്ചു വരികയാണ്. പ്രസ്തുത പണിക്ക് ആവശ്യമായ 'ടാർ' കേരള സംസ്ഥാന സംരംഭമായ SIDCO-യിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) വർക്ക് ഓർഡറിന്റെ പകർപ്പും SIDCO-യ്ക്ക് നൽകിയ ഓർഡറിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

2011-ലെ സെൻസസ് പ്രകാരം കർഷകർ എന്ന പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവർ

229 (1196) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ 2011-ലെ സെൻസസിൽ സംസ്ഥാനത്തെ റബർ, തേയില, കാപ്പി, തെങ്ങ, അടയ്ക്ക തുടങ്ങിയവ കൃഷി ചെയ്യുന്നവരെ 'കർഷകൻ' എന്ന പട്ടികയിൽ നിന്നും ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ വിലയിരുത്തുകയോ അനന്തര നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

കാർഷിക കടാശ്വാസപദ്ധതി മുഖേന കർഷകർക്ക് ധനസഹായം

230 (1199) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കടാശ്വാസപദ്ധതി മുഖേന എത്ര കർഷകർക്ക് ധനസഹായം നൽകാൻ ഈ സർക്കാരിനു കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY KERALA LEGISLATIVE ASSEMBLY